പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2767**

**10.12.2014** ൽ മറുപടിക്ക്

**കുട്ടനാട് പാക്കേജ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് 70 കോടി രൂപ അനുവദിച്ച പ്രവൃത്തി നടപ്പാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് 70 കോടി രൂപ അനുവദിച്ച പ്രവൃത്തി 4 പാക്കേജുകളായി തിരിച്ച് വർക്ക് ടെണ്ടർ ചെയ്തു.

പാക്കേജ്-1

നീരേറ്റുപുറം ജലശുദ്ധീകരണശാലയിൽ നിന്നും നീരേറ്റുപുറം, വീയപുരം, തകഴി, നീലംപേരൂർ റൂട്ടു വഴിയുള്ള 225 മി.മീ. മുതൽ 630 മി.മീ. വരെയുള്ള എച്ച്.ഡി.പി.ഇ. പൈപ്പുകൾ സപ്ലൈ ചെയ്ത് ഇടുന്ന പ്രവൃത്തികൾ ഈ പാക്കേജിൽ ഉൾപ്പെടുന്നു. ഈ പാക്കേജിന്റെ ടെണ്ടറിന് 10.47 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഈ വർക്കിന് വേണ്ട പൈപ്പുകൾ ലഭിക്കുന്നതിനുള്ള സപ്ലൈ ഓർഡർ കരാറുകാരൻ നൽകിയിട്ടുണ്ട്. പൈപ്പ് കിട്ടിയാലുടൻ ലെയിംഗ് ആരംഭിക്കുന്നതാണ്.

പാക്കേജ്-II

നിരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽ നിന്നും മാമ്പഴക്കരി, കാവാലം, നെടുമുടി, കൈനകരി വഴിയുള്ള 200 മി.മീ. മുതൽ 800 മി.മീ. വരെയുള്ള എച്ച്.ഡി.പി.ഇ. പൈപ്പുകൾ സപ്ലൈ ചെയ്ത് ഇടുന്ന പ്രവൃത്തി ഈ പാക്കേജിൽ ഉൾപ്പെടുന്നു. ഈ പാക്കേജിന്റെ ടെണ്ടറിന് 27.28 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഈ വർക്കിന് വേണ്ടുന്ന പൈപ്പുകൾ സപ്ലൈ ചെയ്തു തുടങ്ങി. 800 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് 5013 മീറ്ററും 355 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് 3228 മീറ്ററും 200 മി.മീ. എച്ച്.ഡി.പി.ഇ പൈപ്പ് 1008 മീറ്ററും സപ്ലൈ ചെയ്തു കഴിഞ്ഞു. പൈപ്പ് ജോയിന്റ് ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുന്നു. റോഡ് കട്ടിംഗിനു വേണ്ടി പി.ഡബ്ല്യു.ഡിയുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഫണ്ട് ലഭിക്കുന്നതിനായി 5.56 കോടി രൂപയുടെ ഫണ്ട് റിക്വിസിഷൻ ലഭ്യമായതിൻമേൽ 3.38 കോടി ഉടനെ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാക്കേജ്- III വിതരണ ശൃംഖല സിസ്റ്റം - 1

തകഴി, എടത്വാ, മുട്ടാർ നീലംപേരൂർ, വെളിയനാട്, തലവടി എന്നീ പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയും 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള തകഴയിലെ ഉപരിതല സംഭരണിയും ഇതിൽ ഉൾപ്പെടുന്നു. ഈ പാക്കേജിന്റെ എസ്റ്റിമേറ്റ് തുക 15.35 കോടി രൂപയാണ്.

പാക്കേജ്- IV വിതരണ ശൃംഖല സിസ്റ്റം - 2

കാവാലം, ചമ്പക്കുളം, പുളിങ്കുന്ന്, രാമങ്കരി, കൈനകരി, നെടുമുടി എന്നീ പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയും 3.5

| | | | |
|---|---|---|---|
| | | | ലക്ഷം ലിറ്റർ ശേഷിയുള്ള കാവാലം പഞ്ചായത്തിലെ ഉപരിതല സംഭരണിയും ഇതിൽ ഉൾപ്പെടുന്നു. ഈ പാക്കേജിന്റെ എസ്റ്റിമേറ്റ് തുക 16.91 കോടി രൂപയാണ്. പ്രസ്തുത വർക്കിന്റെ ടെൻണ്ടർ പരിശോധിച്ചുവരുന്നു. |
| (ബി) | പ്ലാന്റിൽ നിന്നും ഓവർഹെഡ് ടാങ്കിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തി എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ; | (ബി) | ടി പ്രവൃത്തിയുടെ പാക്കേജ്-1 ൽ ഉൾപ്പെടുന്ന പൈപ്പുകൾ സപ്ലൈ ചെയ്ത് ഇടുന്നതിനായി പൈപ്പുകൾ ലഭിക്കുന്നതിനുള്ള സപ്ലൈ ഓർഡർ കരാറുകാരൻ നൽകിയിട്ടുണ്ട്. പൈപ്പ് കിട്ടിയാലുടൻ ലെയിംഗ് ആരംഭിക്കുന്നതാണ്.<br>പാക്കേജ് - II ൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി പൈപ്പുകൾ സപ്ലൈ ചെയ്തു തുടങ്ങി. 800 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് 5013 മീറ്ററും 355 മി.മീ. എച്ച്.ഡി.പി.ഇ പൈപ്പ് 3228 മീറ്ററും 200 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് 1008 മീറ്ററും സപ്ലൈ ചെയ്തു കഴിഞ്ഞു. പൈപ്പ് ജോയിന്റ് ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുന്നു. റോഡ് കട്ടിംഗിനു വേണ്ടി പി.ഡബ്ല്യു.ഡിയുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഫണ്ട് ലഭിക്കുന്നതിനായി 5.56 കോടി രൂപയുടെ ഫണ്ട് റിക്വസിഷൻ ലഭ്യമായതിൻമേൽ 3.38 കോടി ഉടനെ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഓവർഹെഡ് ടാങ്കിൽ നിന്ന് ഏതെല്ലാം പ്രദേശങ്ങളിലേയ്ക്കാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതെന്ന്, പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി വരുന്ന തുക സഹിതം വിശദമാക്കുമോ? | (സി) | വിതരണ ശൃംഖല സിസ്റ്റം 1- ൽ തകഴി, എടത്വാ, മുട്ടാർ, നീലംപേരൂർ, വെളിയനാട്, തലവടി എന്നീ പഞ്ചായത്തുകളിലേക്കും വിതരണ ശൃംഖല സിസ്റ്റം 2-ൽ കാവാലം ചമ്പക്കുളം, പുളിങ്കുന്ന്, രാമങ്കരി, കൈനകരി, നെടുമുടി എന്നീ പഞ്ചായത്തുകളിലേക്കുമാണ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്. ഇതിനുവേണ്ടി വരുന്ന എസ്റ്റിമേറ്റ് തുക താഴെപ്പറയുന്നു.<br>സിസ്റ്റം ഒന്ന് - 15.35 കോടി രൂപ<br>സിസ്റ്റം രണ്ട് - 16.91 കോടി രൂപ<br>ആകെ - 32.26 കോടി രൂപ |

സെക്ഷൻ ഓഫീസർ